©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 ജനുവരി 28<br>28th January 2020<br>1195 മകരം 14<br>14th Makaram 1195<br>1941 മാഘം 8<br>8th Magha 1941 | നമ്പർ<br>No. | 270 |

### കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 96/2019/ത.സ്വ.ഭ.വ — *തിരുവനന്തപുരം, 2019 ഡിസംബർ 30*
*1195 ധനു 14*

**എസ്. ആർ. ഒ. നമ്പർ 58/2020**

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്റ്റിലെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "ഇടവഴി പുറമ്പോക്ക്" എന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രേഖപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി, പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത്:-

<u>പട്ടിക</u>

| | | |
|---|---|---|
| ജില്ല | .. | തൃശ്ശൂർ |
| താലൂക്ക് | .. | ചാലക്കുടി |
| വില്ലേജ് | .. | മുരിങ്ങൂർ തെക്കുമുറി |
| ഗ്രാമപഞ്ചായത്ത് | .. | കൊരട്ടി |
| റീസർവ്വേ നമ്പർ | .. | 218/3 |
| വിസ്തീർണ്ണം | .. | 0.0409 ഹെക്ടർ (10.1 സെന്റ്) |

<u>അതിരുകൾ</u>

| | | |
|---|---|---|
| വടക്ക് | .. | പഞ്ചായത്ത് റോഡ് |
| തെക്ക് | .. | ആലൂക്ക ഔസേഫ് ഡേവിഡ് വക ഭൂമി |
| കിഴക്ക് | .. | തോട് |
| പടിഞ്ഞാറ് | .. | തോട് |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ടി. കെ. ജോസ്,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) (169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "ഇടവഴി പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും റീസർവ്വേ 218/3-ൽ പ്പെട്ട 0.0409 ഹെക്ടർ (10.1 സെന്റ് പുറമ്പോക്ക്ഭൂമി ശ്രീ. ഒ. എൽ. ജോസിന് പട്ടയം അനുവദിക്കുന്നതിനായി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷം പ്രസ്തുത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച്, പഞ്ചായത്ത് രാജ് ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2020.01.28 04:29:12 +05:30